



**ഒരു സൈക്കിളായി പുനർജനിക്കുമെങ്കിൽ**
**അത് ഈ ഹോളണ്ടിൽ തന്നെയാകണം എന്ന്**
**കവി അയ്യപ്പനെ മനസ്സിലോർത്ത് ഡച്ചുകാരോട്**
**പറഞ്ഞ അപൂർവ്വ സന്ദർഭം ഓർക്കുന്നു**

**രാജു റാഫേൽ**

# ഒരു സൈക്കിളായി പുനർജനിക്കുമെങ്കിൽ

**റേഡിയോ** നെതർലാന്റ്സിന്റെ മുഖ്യ കെട്ടിടത്തിന് ഉള്ളിലുള്ള വഴിയിലൂടെയാണ് ഇന്ന് എന്റെ സഹപാഠികൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് നീങ്ങുന്നത്. സാധാരണ റേഡിയോ കെട്ടിടം ചുറ്റി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗേറ്റ് കടന്ന് ഉള്ളിൽ പ്രവേശിക്കാറാണ് പതിവ്. ഞങ്ങൾകൂടി ഉപയോഗിക്കുന്ന റേഡിയോ നെതർലാന്റ്സിന്റെ കാന്റീൻ ഈ മുഖ്യകെട്ടിടത്തിലായതുകൊണ്ട് ഈ വഴിയും റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിലെ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാം എന്ന് മാത്രം. അതിനായി ഞങ്ങളുടെ ഐഡന്റിറ്റി കാർഡിലുള്ള മാഗ്നറ്റിക് ഭാഗം ക്രോഡീകരിച്ചിരിക്കുന്നത് ഈ റേഡിയോ കെട്ടിടത്തിന്റെ പ്രധാന വാതിലുകൾ തുറക്കാനുള്ള താക്കോലുകൾ കൂടിയായിട്ടാണ്.

പന്ത്രണ്ടോളം ഭാഷകളിൽ ഇരുപത്തിനാല് മണിക്കൂറും പ്രക്ഷേപണം നടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ റേഡിയോ സ്റ്റേഷനുകളിലൊന്നാണ് റേഡിയോ നെതർലാന്റ്സ്. ആർ.എൻ.ഡബ്ള്യൂ (റേഡിയോ നെതർലാന്റ്സ് വേൾഡ് വൈഡ്) എന്ന പേരിലാണ് ഇവരുടെ അന്താരാഷ്ട്ര പ്രക്ഷേപണം അറിയപ്പെടുന്നത്. ശ്രോതാക്കളുടെ എണ്ണത്തിലും യൂറോപ്പിലെ ഈ ആദ്യകാല പ്രക്ഷേപണനിലയം ലോകത്തിലെത്തന്നെ ആദ്യനിരക്കാരിൽപ്പെടുന്നു. സ്വന്തം ഭാഷയായ ഡച്ചിലെ പ്രക്ഷേപണത്തേക്കാൾ റേഡിയോ നെതർലാന്റ്സിന്റെ ജനപ്രീതി സ്പാനീഷ് ഭാഷയിലുള്ള പ്രക്ഷേപണത്തിനാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ സ്പാനീഷ് സംസാരിക്കുന്ന ജനങ്ങൾക്കിടയിലെ ഏറ്റവും വിശ്വാസ്യതയാർന്ന മാധ്യമം റേഡിയോ നെതർലാന്റ്സ് ആണത്രേ. ലാറ്റിനമേരിക്കയിലെ പഴയ സ്പാനീഷ് കോളനികളായിരുന്ന കൊളംബിയ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ 600 റേഡിയോ സ്റ്റേഷനുകളാണ് എല്ലാദിവസവും റേഡിയോ നെതർലാന്റ്സിന്റെ സ്പാനീഷ് വാർത്തകൾ പുനഃപ്രക്ഷേപണം ചെയ്യുന്നത്. നമ്മുടെ ആകാശവാണി പോലെ പബ്ളിക് റേഡിയോ (പൊതുജനങ്ങളുടെയോ, അവരുടെ പ്രതിനിധിയായ സർക്കാരിന്റെയോ ഉടമസ്ഥതയിൽ ഉള്ളത്) ആണ് റേഡിയോ നെതർലാന്റ്സ്. ഡച്ച് സർക്കാർ നിയമിക്കുന്ന ഡയക്ടർ ജനറലാണ് റേഡിയോ നെതർലാന്റ്സിന്റെയും അനുബന്ധസ്ഥാപനമായ ട്രെയിനിങ്ങ് സെന്ററിന്റെയും ഭരണാധികാരി. ബി.ബി.സിയെപ്പോലെ സർക്കാരിന്റെ വാർഷിക ബഡ്ജറ്റിലാണ് റേഡിയോ നെ

തർലാന്റ്സിന്റെ പ്രവർത്തന ചെലവ് വകയിരുത്തുന്നത്. ഹോളണ്ടിന്റെ സർക്കാർ ടിവിയും ഈ റേഡിയോ നിലയത്തിന്റെ ഭാഗമാണ്.

കാടിനോട് ചേർന്ന് കിടക്കുന്ന വിശാലമായ വളപ്പിനകത്താണ് റേഡിയോ നിലയത്തിന്റെ കെട്ടിടങ്ങളും ട്രെയിനിങ്ങ് സെന്ററും. കാട് അവസാനിക്കുന്നേടത്ത് ഹിൽവർസം തടാകം തുടങ്ങുന്നു. തടാകത്തിന്റെ മറുകരയിൽ നിന്ന് നോക്കുമ്പോൾ കാട് പുതച്ച് നിൽക്കുകയാണ് റേഡിയോ സ്റ്റേഷൻ എന്ന് തോന്നും. മരങ്ങളുടെ ഇലച്ചാർത്തിന്റെ കനം കാരണം കെട്ടിടങ്ങൾ ഒന്നും കാണാൻ കഴിയില്ല. ആകെ കാണാനാവുക മരങ്ങൾക്ക് മീതെ കുത്തനെ തലയുർത്തി നിൽക്കുന്ന റേഡിയോ നിലയത്തിന്റെ ടവർ ആന്റിന മാത്രം.



നിശ്ശബ്ദതയാണ് റേഡിയോ കെട്ടിടത്തിന്റെ മുഖമുദ്ര. നൂറ് കണക്കിന് പത്രപ്രവർത്തകരും സാങ്കേതിക വിദഗ്ദ്ധരും ജോലിചെയ്യുന്ന സ്ഥലമാണെങ്കിലും ഒച്ചയും ബഹളവും തീരെയില്ല. ഉറക്കെ ആരും സംസാരിക്കുന്നതുപോലും ഇതുവരെ കേട്ടിട്ടില്ല. കാന്റീനിൽ മാത്രമാണ് ചെറുതായി കളിയും ചിരിയും തമാശയുമൊക്കെ കണ്ടിട്ടുള്ളത്.

ആരോ മാഗ്നെറ്റിക് കാർഡ് ഉപയോഗിച്ച് പ്രധാന കെട്ടിടത്തിന്റെ വാതിൽ തുറന്നതോടെ എല്ലാവരും പെട്ടെന്ന് നിശ്ശബ്ദരായി. ഓരോരുത്തരായി അകത്തേക്ക്. അകത്തുകടന്നതോടെ റേഡിയോ നെതർലാന്റ്സിനെ ചൂഴ്ന്ന് നിൽക്കുന്ന നിശബ്ദതയുടെ ഗൗരവം ഞങ്ങളിലോരോരുത്തരിലേക്കും പടരുന്നുണ്ടെന്ന് എനിക്ക് തോന്നി.യുദ്ധഭൂമിയിൽ നിയോഗിക്കപ്പെട്ട പ്രസ് ഫോട്ടോഗ്രാഫറുടെ ഗൗരവത്തോടും ശ്രദ്ധയോടും കൂടിയാണ് ഒരോരുത്തരും ക്ളാസ് റൂമിലേക്ക് നീങ്ങുന്നത്. പെട്ടന്ന് ഇത്രയും ഗൗരവത്തിലേക്ക് അവരെല്ലാവരും മാറിയത്, കാരണം ഒന്നും ഇല്ലാതെ എന്നെ അലോസരപ്പെടുത്തി. ഒരു സുന്ദരിപെൺകുട്ടിയുടെ സൈക്കിളിന്റെ ബാക്ക് കാരിയറിലിരുന്ന് റേഡിയോ നിലയത്തിന്റെ പടിക്കൽ വന്നിറങ്ങിയ എന്നെ കൂവിവിളിച്ച് എതിരേറ്റ കുസൃതി ഇപ്പോഴിവർ എവിടെയാണാവോ ഒളിപ്പിച്ച് വച്ചിരിക്കുന്നത്?

പ്രധാന കെട്ടിടത്തിന്റെ ഭംഗിയുള്ള പൂമുഖത്ത് നിന്ന്, എല്ലാവരും ഇടത്തോട്ട് തിരിഞ്ഞ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോകുന്ന ഇടനാഴിയിലൂടെ നടന്നു. ഞാൻ മാത്രം വലത്തോട്ട് തിരിഞ്ഞ് മുകളിലെ കാന്റീനിലേക്ക് പോകുന്ന പിരിയൻ ഗോവണി കയറി. പ്രസന്റേഷൻ തുടങ്ങുന്നതിന് മുൻപ് കാന്റീനിൽ പോയി ഒരു കട്ടൻചായ കുടിയ്ക്കാം എന്ന വിചാരം എനിക്ക് സഹപാഠികളുടെ ഗൗരവമുള്ള മുഖങ്ങൾ കണ്ടപ്പോഴാണ് ഉണ്ടായത്.

വളരെ പ്രശാന്ത സുന്ദരമായ ഒരു സ്ഥലമാണ് റേഡിയോ നെതർലാന്റ്സിന്റെ കാന്റീൻ. ഹോളണ്ടിലെത്തി ആദ്യ ആഴ്ച പിന്നിടുമ്പോഴേക്കും രണ്ട് സ്ഥലങ്ങളുമായി ഞാൻ പ്രണയത്തിലായിക്കഴിഞ്ഞിരുന്നു. ബൂം ഗ്രാമാതിർത്തിയിൽ ഞങ്ങളുടെ ഗസ്റ്റ് ഹൗസിന്റെ അടുത്തുള്ള സെമിത്തേരിയാണ് റേഡിയോ കാന്റീന് പുറമേ എന്റെ ഹൃദയം കവർന്ന സ്ഥലം. എത്രമാത്രം ലളിതവും സുന്ദരവുമായിട്ടാണെന്നോ ആ സെമിത്തേരി സംരക്ഷിച്ചിരിക്കുന്നത്. സെമിത്തേരിയുടെ വിശാലമായ വളപ്പിന് ചുറ്റും ചെടികൾ കൊണ്ട് തീർത്ത വേലി. ഓരോ ശവകുടീരത്തിനും സമീപത്തായി ചെടികളും പൂമരങ്ങളും. കാടുപിടിക്കാതെ പുല്ലും ചെടികളും എല്ലാ ദിവസവും വെട്ടിയൊതുക്കുന്നു. തീർത്തും ഡെച്ച് മാതൃകയിലുള്ള ഒരു ചെറിയ പള്ളിയും സെമിത്തേരിയിലുണ്ട്. സെമിത്തേരിയുടെ മുക്കിലും മൂലയിലും മരങ്ങളുടെ ചുവട്ടിലുമെല്ലാം സിമന്റ് ബഞ്ചുകൾ. ഒഴിവു ദിവസങ്ങളിലൊക്കെ അവിടെ ആളുകളെ കാണാം. വൈകുന്നേരങ്ങളിൽ അവിടെ വന്നിരിക്കുന്നവരുടെ കൂട്ടത്തിൽ ദില്ലിയിൽ പത്രപ്രവർത്തകയായ നമിതയേയും കാണാം. ആർഎൻടിസി-യിൽ തന്നെ കോൺഫ്ളിക്റ്റ് റിപ്പോർട്ടിങ്ങ് എന്ന വിഷയത്തിൽ പരിശീലനത്തിന് വന്നതാണ് നമിത. പത്രപ്രവർത്തനത്തിൽ ഒന്നോ രണ്ടോ വർഷത്തെ മാത്രം പരിചയമുള്ള എട്ട് ചെറുപ്പക്കാരാണ് ആ ബാച്ചിലുള്ളത്. ഇന്ത്യയിൽ നിന്ന് നമിത മാത്രം. 'മരിച്ചവരെ അടക്കം ചെയ്യുന്ന സ്ഥലം, അത് സെമിത്തേരിയോ നദീതീരമോ ആകട്ടെ, പരിപാലിക്കുന്നത് എങ്ങിനെയെന്ന് നോക്കിയാൽ മാത്രം മതി രാജു, ഒരു ജനതയുടെ സംസ്കാരം എന്തെന്ന് അറിയാൻ'- സെമിത്തേരിയിൽ വച്ച് ആദ്യമായി കണ്ടപ്പോൾ നമിത പറഞ്ഞ വാക്കുകൾ ഇപ്പോഴും എന്റെ കാതുകളിലുണ്ട്.

വിശാലമായ റേഡിയോ കാന്റീനിൽ പ്രവേശിച്ച് അൽപ്പസമയം നടന്നാലെ ഭക്ഷണ സാധനങ്ങളുടെ കൗണ്ടറുകൾക്ക് മുന്നിലെത്തൂ. ഈ നടവഴിയാകട്ടെ ഭംഗിയുള്ള പച്ചകാർപെറ്റ് വിരിച്ചിരിക്കുന്നു. കാന്റീനിൽ ജീവനക്കാർ മൂന്നോ, നാലോ പേർ മാത്രമേയുള്ളൂ. ഭക്ഷണമൊക്കെ അവനവൻ തന്നെ എടുത്ത് കഴിയ്ക്കണം. കലാപരമായി തയ്യാറാക്കിയതാണ് ഭക്ഷണ കൗണ്ടറുകൾ. ഒരു ഭാഗത്ത് ഫലവർഗ്ഗങ്ങൾ, മറുഭാഗത്ത് ഹോളണ്ടിന്റെ പ്രശസ്തമായ ചീസും യോഗർട്ടും പോലുള്ള പാലുൽപ്പന്നങ്ങൾ, ഒരു മൂലയിൽ പലതരം ജ്യൂസുകൾ, റൊട്ടി, മത്സ്യം, വിവിധതരം മാംസങ്ങൾ (ആട്, കോഴി,മാട്, പന്നി-എല്ലാമുണ്ട്) എന്നിവയുടെ കൗണ്ടർ അതുണ്ടാക്കുന്ന അടുപ്പി

നോട് ചേർന്ന് തന്നെയാണ്. ഈ കൗണ്ടറിൽ ചിലദിവസം ചോറും കിട്ടും. പാകിസ്ഥാനിൽ നിന്നുള്ള ബസുമതി അരിയുടെ ചോറാണ് എന്ന് മാത്രം. അത് കഴിയ്ക്കുന്നതിലും ഭേദം റോട്ടി തന്നെയാണ് എന്ന് അദ്യദിവസം തന്നെ എനിക്ക് ബോധ്യപ്പെട്ടു. ചോക്ലേറ്റിനും വെള്ളത്തിനും മാത്രമായി മറ്റൊരു ചെറിയ കൗണ്ടർ കൂടിയുണ്ട്. ആകെ വലിയൊരു ഫുഡ് സൂപ്പർമാർക്കറ്റിൽ പോയ പ്രതീതിയാണ് റേഡിയോ നെതർലാന്റ്സിന്റെ കാന്റീന്. അതത് കൗണ്ടറുകളിൽ നിന്ന് ആവശ്യമുള്ള വെള്ളവും ഭക്ഷണവും എടുത്ത ശേഷമാണ് ബില്ല് പേ ചെയ്യേണ്ടത്. അതിന് ശേഷം വിശാലമായ മൂന്ന് ഡൈനിങ്ങ് ഹാളുകളിൽ എവിടെ വേണമെങ്കിലും പോയിരുന്ന് കഴിക്കാം. ഹോസ്റ്റലിൽ കൊണ്ടുപോയി കഴിയ്ക്കാനാണെങ്കിൽ ചൂടാറാത്ത നല്ല താൽക്കാലിക പാത്രങ്ങളിൽ പായ്ക്ക് ചെയ്തുതരും.

ഭക്ഷണസാധനങ്ങളുടെ ധാരാളിത്തത്തേക്കാൾ എന്നെ ആകർഷിച്ചത് ഡൈനിങ്ങ് ഹാളുകളുടെ കുലീനത്വവും മനോഹാരിതയും ആയിരുന്നു. ഭക്ഷണ സാധനങ്ങൾ നിരത്തിവെച്ചിരിക്കുന്ന കൗണ്ടറുകളോട് ചേർന്ന് തന്നെയാണ് ആദ്യത്തെ ഡൈനിങ്ങ് ഹാൾ. ഒരു നല്ല വൃത്തിയുള്ള റസ്റ്റോറണ്ടിലെ മേശകളും കസേരകളും പോലെത്തന്നെയേ ഇവിടെ കണ്ടാൽ തോന്നുകയുള്ളൂ. രണ്ടാമത്തെ ഡൈനിങ്ങ് ഹാളാണ് എനിക്ക് ഏറെ പ്രിയപ്പെട്ടത്. വല്ലപ്പോഴും കിട്ടുന്ന വെയിലിന്റെ സുഖം നഷ്ടപ്പെടുത്താതിരിക്കാനായി പൂർണ്ണമായി ഗ്ലാസ് ആണ് ഈ ഡൈനിങ്ങ് ഹാളിന്റെ മേൽക്കൂര. ഒരു ഭാഗത്തെ ചുമരും ഗ്ലാസ് തന്നെ. പ്രധാന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ വരാന്തയാണ് ഇങ്ങിനെ ഗ്ലാസ് മേൽക്കൂരയിട്ട് മനോഹരമായ ഭക്ഷണശാലയാക്കിയിരിക്കുന്നത്. മൂന്നാമത്തെ ഡൈനിങ്ങ് ഹാൾ ബാൽക്കണിയാണ്. തുറന്ന സ്ഥലം, മേൽക്കൂരയില്ല. കാണാൻ നല്ല ഭംഗിയുള്ള മരക്കസേരകളും ചെറിയ വട്ടമേശകളുമാണ് ഇവിടെയുള്ളത്. ഇവിടെയിരുന്ന് പുകവലിക്കാം എന്ന സൗകര്യമുണ്ട്.

ഭക്ഷണ സാധനങ്ങൾക്ക് എല്ലാം വലിയ വിലയാണ് കാന്റീനിൽ. തരക്കേടില്ലാതെ ഭക്ഷണമെടുത്ത് കഴിച്ചാൽ ഒരു നേരത്തേത്ത് തന്നെ 28–30 യൂറോയാകും. എന്നുവെച്ചാൽ നാട്ടിലെ 1600–1800 രൂപ. പക്ഷെ നെതർലാന്റ് വികസന ഏജൻസിയായ ന്യൂഫിക്കിന്റെ സ്കോളർഷിപ്പോട് കൂടി പഠിയ്ക്കുന്നവരായതു കൊണ്ട് കാന്റീനിൽ ഞങ്ങൾക്ക് പൈസ നൽകേണ്ട. എന്ത് വേണമെങ്കിലും വാങ്ങിക്കാം. കൗണ്ടറിൽ കൊണ്ടുപോയി റേഡിയോ നെതർലാന്റ്സിലെ ജീവനക്കാരെ പോലെ ഞങ്ങളും ബില്ല് അടിപ്പിക്കണം. ബില്ല് കമ്പ്യൂട്ടറിൽ തെളിയുമ്പോൾ കൗണ്ടറിലിരിക്കുന്ന മദാമ്മ 28, 30 യൂറോ എന്നൊക്കെ പറയും. അപ്പോൾ നോട്ടിന് പകരം ആർഎൻ.ടി.സിയുടെ ഐഡന്റി കാർഡ് നൽകിയാൽ മതി. കാർഡിലെ നമ്പർ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതോടെ ബിൽ തുക പൂജ്യമായി മാറുകയും മദാമ്മ നന്ദി പറഞ്ഞുകൊണ്ട് കാർഡ് തിരിച്ചുതരികയും ചെയ്യും. ഇതെന്ത് സൂത്രമാണെന്ന് ആദ്യമൊന്നും എനിക്ക് പിടുത്തം കിട്ടിയിരുന്നില്ല.

സ്കോളർഷിപ്പിൽ ഭക്ഷണത്തിനായി നീക്കി വെച്ചിരിക്കുന്ന തുകയിൽ നിന്ന് കാന്റീൻ നടത്തിപ്പുകാരന്റെ അക്കൗണ്ടിലേക്ക് ബിൽതുക നേരെ പോകുന്ന സംവിധാനമാണ് അതെന്ന് പിന്നീടാണ് മനസ്സിലായത്. അദ്യ കാലത്ത് ഭക്ഷണ ചിലവിന് ഉള്ള പൈസ വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുന്ന സംവിധാനമായിരുന്നുവത്രേ. ദരിദ്ര രാജ്യങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ ഭക്ഷണത്തിനായി നൽകുന്ന വലിയ പൈസ ചെലവാക്കാതെ പിശുക്കി സമ്പാദിക്കുമായിരുന്നത്രേ. ഒരു നേരം ഭക്ഷണം കഴിക്കാതിരുന്നാൽ 1500–2000 രൂപ ലാഭമാണെങ്കിൽ ദരിദ്ര രാജ്യങ്ങളിൽ നിന്ന് വരുന്നവർ പട്ടിണി കിടക്കാതിരുന്നാലല്ലേ അത്ഭുതമുള്ളൂ. ഇങ്ങനെ പട്ടിണികിടക്കുന്ന വിദ്യാർത്ഥികൾ കനത്ത തണുപ്പിൽ പെട്ടെന്ന് രോഗങ്ങൾക്ക് അടിമപ്പെടുന്നത് പതിവായപ്പോഴാണത്രേ റേഡിയോ നെതർലാന്റ്സ് അധികൃതർ ഇത്തരമൊരു സംവിധാനം കൊണ്ടുവന്നത്. വിദ്യാർത്ഥികൾക്ക് എത്ര ഭക്ഷണം വേണമെങ്കിലും റേഡിയോ കാന്റീനിൽ നിന്ന് കഴിക്കാം (ഉച്ചക്കും വൈകുന്നേരവും നിർബന്ധമായും കാന്റീനിൽ നിന്ന് തന്നെ കഴിയ്ക്കണം എന്നാണ് നിബന്ധന), അതിന്റെ പൈസ, അത് എത്രയായാലും സ്കോളർഷിപ്പ് തുകയിൽ നിന്ന് കാന്റീൻ നടത്തിപ്പുകാരന് കിട്ടും. വിദ്യാർത്ഥികൾ കഴിക്കാതെ പട്ടിണി കിടന്നാൽ ആ പൈസ വിദ്യാർത്ഥികൾക്ക് ഒരു കാരണവശാലും കിട്ടില്ല, അത് സ്കോളർഷിപ്പ് ഏജൻസിക്ക് ലാഭമായി തീരും. അതുകൊണ്ട് വിദ്യാർത്ഥികളേ, നിങ്ങൾ കൃത്യമായി ഭക്ഷണം കഴിക്കൂ എന്ന നിലപാട് ആണ് റേഡിയോ നെതർലാന്റ്സ് അധികൃതർക്ക്. ഹോസ്റ്റൽ സംവിധാനവും ഇങ്ങിനെത്തന്നെ. ഹോസ്റ്റലിന്റെ ഉടമസ്ഥരും നടത്തിപ്പുകാരും ബോസ്റ്റൺ ഹോട്ടൽ ഗ്രൂപ്പ് ആണ്. പഠനക്കാലയളവിൽ ഓരോ വിദ്യാർത്ഥിയുടെയും താമസത്തിനും പ്രഭാത ഭക്ഷണത്തിനുമുള്ള തുക മുൻകൂറായി സ്കോളർഷിപ്പ് ഏജൻസി നേരിട്ട് ഹോസ്റ്റൽ നടത്തിപ്പുകാർക്ക് നൽകിയിരിക്കുകയാണ്. വിദ്യർത്ഥികൾതന്നെ താമസിക്കണം എന്ന കർശന നിർദ്ദേശത്തോടെ. ഒരുകണക്കിന് ഈ സായിപ്പമാരുടെ കാര്യം കഷ്ടം തന്നെയാണ്. നമ്മളെപ്പോലുള്ള ദരിദ്ര നാരായണന്മാരെ പഠിപ്പിച്ച് ഒന്ന് നേരെയാക്കണമെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം!

ശനിയും ഞായറും ക്ളാസ്സിലാത്തതുകൊണ്ട് ഈ രണ്ടു ദിവസത്തെ അന്നത്തിനുള്ള യൂറോ, വെള്ളിയാഴ്ച ക്ളാസ് കഴിയുമ്പോൾ കോനി മദാമ്മ കൈയിൽ തരും എന്നാണ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന കൈപ്പുസ്തകത്തിലുള്ളത്. അതിന്റെ കൂടെ എന്നെപ്പോലുള്ള ചില ഭാഗ്യവാന്മാർക്ക് യൂറോപ്പിലെ കറക്കത്തിനും അത്യാവശ്യം യാത്രചെലവിനും ഉള്ള പൈസ കൂടി ആഴ്ചയടിസ്ഥാനത്തിൽ കിട്ടും ജോലി പരിചയം, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തന്നെ മൂന്ന് നാല് തരത്തിലാണത്. സ്കോളർഷിപ്പേ ഇല്ലാത്ത വിദ്യാർത്ഥികളും ഉണ്ട്. ഇവർ ഇൻസ്റ്റിറ്റ്യൂട്ടിലും ഹോസ്റ്റലിലും ഫീസ് അടയ്ക്കണം. കാന്റീനിൽ ബില്ല് പേ ചെയ്യുകയും വേണം. എന്റെ ക്ളാസിലെ, ഇറാനിൽ നിന്നുള്ള പ്രശസ്ത സംവിധായിക നെഗിൽ ഇത്തരത്തിൽ ഫീസ് അടച്ചാണ് പഠിക്കുന്നത്. ഒരു കട്ടൻ ചായയുമെടുത്തുകൊണ്ട് ഗ്ലാസ് മേൽക്കൂരയുള്ള ഡൈനിംഗ് ഹാളിന്റെ വെയിലുള്ള ഒരു മൂലയിൽ ഇരിക്കുകയാണ് ഞാൻ. അപ്പുറത്തെ മേശയിൽ രാത്രി ഷിഫ്റ്റ് കഴിഞ്ഞ് കുറച്ച് പത്രപ്രവർത്തകർ കഴിഞ്ഞുപോയ വാർത്താ ബുള്ളറ്റിന്റെ പോരായ്മകളെക്കുറിച്ച് ഗൗരവമായി തർക്കിക്കുന്നുണ്ട്. ഏഷ്യാനെറ്റിൽ ഓരോ വാർത്താ ബുള്ളറ്റിൻ കഴിയുമ്പോഴും ചീഫ് ന്യൂസ് എഡിറ്ററായ കെ.പി. ജയദീപ് (ഇപ്പോൾ മനോരമ ന്യൂസിൽ) ഞങ്ങൾ ന്യൂസ് എഡിറ്റർമാരുടെ അടുത്തുവന്ന് ഓരോ പോരായ്മ



**മനുഷ്യരില്ലാത്ത ഒരു ലോകത്ത് ജീവിക്കാൻ പക്ഷികൾക്ക് കഴിയും, എന്നാൽ പറവകളില്ലാത്ത ഒരു ലോകത്തെ കുറിച്ച് ചിന്തിക്കാൻപോലും മനുഷ്യനാവില്ലെന്ന ആഫ്രിക്കൻ പഴമൊഴി പോലെയാണ് ഡച്ചുകാരുടെ ജീവിതം, സൈക്കിളുകളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കാൻപോലും അവർക്കാവില്ല**

ചൂണ്ടിക്കാട്ടി വഴക്കുണ്ടാക്കുന്നതാണ് എനിക്ക് ഓർമ്മ വന്നത്.

പെട്ടെന്ന് ഒരു കയ്യിൽ ജ്യൂസ് ഗ്ലാസുമായി റേഡിയോ നെതർലാന്റ് സിന്റെ ജനറൽ മാനേജരായ പീറ്റർ ഭക്ഷണശാലയിലേക്ക് കടന്നുവന്നു. കൂടെ ഉയരം കുറഞ്ഞ ഒരു സായിപ്പുമുണ്ട്. ഹാളിനകത്ത് പത്രപ്രവർത്തകരെ കണ്ട്, അവരെ വിഷ് ചെയ്തുകൊണ്ട് അവരുടെ അരികിലേക്ക് വന്നപ്പോഴാണ് പീറ്റർ എന്നെ കണ്ടത്. ഉടനേ എന്റെടുത്തേക്ക് വന്നു. നന്നായി ചിരിച്ചുകൊണ്ട് തോളിൽ തട്ടി വിഷ് ചെയ്തു. ടെലിവിഷൻ ജേർണ്ണലിസത്തിൽ സമഗ്രമായ ഒരു പിജി. ഡിപ്ലോമ കോഴ്സ് കരിക്കുലമുൾപ്പടെ ഡിസൈൻ ചെയ്ത് ഇന്ത്യയിൽ വിജയകരമായി നടത്തിയ ജേർണലിസ്റ്റും അധ്യാപകനുമാണ് ഇദ്ദേഹമെന്ന് എന്നെ പുകഴ്ത്തി കൊണ്ട് മറ്റേ സായിപ്പിന് പരിചയപ്പെടുത്തി. ഗ്രേറ്റ് എന്ന പതിവ് ഡച്ച് ഡയലോഗ് ഉരുവിട്ട് കൊണ്ട് ചെറിയ സായിപ്പ് എന്റെ കൈ പിടിച്ചു കുലുക്കി. അതിന് ശേഷമാണ് പീറ്റർ ചെറിയ സായിപ്പിനെ എനിക്ക് പരിചയപ്പെടുത്തിയത്.- റേഡിയോ നെതർലാന്റ് സിന്റെ ഡയക്ടർ ജനറൽ ആണ് അദ്ദേഹം. ഞാൻ അറിയാതെ എണീറ്റ് നിന്ന് ഇന്ത്യൻ രീതിയിൽ കൈകൂപ്പി. ചായ കുടിക്കൂ എന്ന് എന്നോട് സ്നേഹം പ്രകടിപ്പിച്ച് അദ്ദേഹം പീറ്ററിനൊപ്പം അപ്പുറത്തെ പത്രപ്രവർത്തകരുടെ കൂട്ടത്തിൽ ഇരുന്നു.

ചായ കുടിച്ചെന്ന് വരുത്തി ഞാൻ വേഗം ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് നടന്നു. ഹാൾ നമ്പർ ഒന്നിൽ ആദ്യത്തെ പ്രസന്റേഷൻ എന്റെയാണ്. അതിന് ഞാൻ എവിടെയെന്ന് നോക്കുകയാണ് കോഴ്സ് കോർഡിനേറ്റർ അബി. വൈകിയതിന് തറപ്പിച്ച ഒരു നോട്ടത്തിലൂടെ എന്നെ ശാസിച്ച് പ്രസന്റേഷന് സ്വാഗതം ചെയ്ത് കൊണ്ട്എന്നെ സദസ്സിന് പരിചയപ്പെടുത്തി. റേഡിയോ നെതർലാന്റ് സിലെ ചില മുതിർന്ന പത്ര പ്രവർത്തകരും, റേഡിയോ നെതർലാന്റ് സിന്റെ ആഫ്രിക്കൻ ഡിവിഷനിലെ ജീവനക്കാരും നമിത ഉൾപ്പെടെയുള്ള മറ്റ് ക്ളാസുകളിലെ വിദ്യാർത്ഥികളും എന്റെ തന്നെ ചില അധ്യാപകരും അടങ്ങിയതാണ് സദസ്സ്. ലാപ്പ്ടോപ്പ് എൽ. സിഡിപ്രൊജക്ടറുമായി ഘടിപ്പിക്കാനും എന്റെ സംഭാഷണത്തിന് അനുസരിച്ച് അത് പ്രവർത്തിപ്പിക്കാനും പറയാതെ തന്നെ ടിന മുന്നോട്ട് വന്നു.

''ഡാംബ്സ് ആന്റ് ഹൈറോസ്'' (ലേഡീസ് ആന്റ് ജന്റിൽമാൻ), ഡച്ചിൽ തന്നെ സദസ്സിനെ അഭിസംബോധന ചെയ്ത് കൊണ്ട് ഡച്ച് ജീവിതവും സൈക്കിളുകളും എന്ന ഡോക്യുമെന്ററി നിർമ്മാണ പ്രസന്റേഷൻ ഞാൻ തുടങ്ങിവെച്ചു. മനുഷ്യരില്ലാത്ത ഒരു ലോകത്ത് ജീവിക്കാൻ പക്ഷികൾക്ക് കഴിയും, എന്നാൽ പറവകളില്ലാത്ത ഒരു ലോകത്തെ കുറിച്ച് ചിന്തിക്കാൻ പോലും മനുഷ്യനാവില്ലെന്ന ആഫ്രിക്കൻ പഴമൊഴി ഉദ്ധരിച്ച് കൊണ്ട് ഡച്ചുകാരുടെ ജീവിതവും ഇതുപോലെയാണ്, സൈക്കിളുകളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കാൻപോലും അവർക്കാവില്ല എന്നത് ചിത്രങ്ങളുടെ സഹായത്തോടെ സമർത്ഥിച്ചു. ഇത് എങ്ങിനെ ഡോക്യുമെന്ററിയാക്കാം എന്ന സമർത്ഥിക്കലും വലിയ പ്രശ്നമില്ലാതെ കഴിഞ്ഞു.

ഒരു സൈക്കിളായി പുനർജനിക്കുമെങ്കിൽ അത് ഈ ഹോളണ്ടിൽ തന്നെയാകണം എന്ന് കവി അയ്യപ്പനെ മനസ്സിലോർത്ത് പറഞ്ഞ് ഞാൻ പ്രസന്റേഷൻ അവസാനിപ്പിച്ചു. ആരും ഒന്നും മിണ്ടുന്നില്ല, സൂചി വീണാൽ കേൾക്കുന്ന നിശബ്ദത. എന്റെ ഹൃദയമിടിപ്പിന്റെ ശബ്ദം എനിക്ക് തന്നെ കേൾക്കാം. സംഗതി പൊളിഞ്ഞു എന്ന് എനിക്ക് മനസ്സിലായി. ടിനയുടെയും കോഴ്സ് കോർഡിനേറ്റർ അബിയുടെയും മുഖത്തേക്ക് ഭയം കാരണം ഞാൻ നോക്കിയില്ല. ഇനി ചോദ്യോത്തരങ്ങളുടെ ഊഴമാണ്. ഉത്തരം പറയാനായി ഇവർ ചോദ്യമൊന്നും ചോദിക്കുമെന്ന് തോന്നുന്നില്ല. പെട്ടെന്ന് മുൻ നിരയിൽ ജഡ്ജിയായിരിക്കുന്ന മുതിർന്ന റേഡിയോ ജേർണലിസ്റ്റ് എണീറ്റ് അരികിലേക്ക് വന്ന് ചേർത്ത് പിടിച്ച് എന്റെ നെറ്റിയിൽ ചുംബിച്ചു, കൈ പിടിച്ച് കുലുക്കി അഭിനന്ദിച്ചു. തുടർന്ന് നീണ്ടു നിന്ന കരഘോഷത്തിനിടയിൽ 'ഡ്യാക് യു' എന്ന് ഞാൻ ഡച്ചിൽ നന്ദി പറഞ്ഞത് ആരും കേട്ടില്ല.

(തുടരും)

books
magazines
periodicals
Byword
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577